പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി.കളുടെ പ്രവർത്തനം

10 (*40) ശ്രീ. എ. കണാരൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി വികസനവകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി കളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം ഐ.ടി.സി.കളുടെ പ്രവർത്തനത്തിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(സി) വേണ്ടത്രസൗകര്യങ്ങൾ ഉണ്ടെങ്കിലും സംസ്ഥാനത്തെ ചില ഐ.റ്റിസികൾക്ക് എൻ.സി.വി.റ്റിയുടെ അംഗീകാരം ലഭ്യമായിട്ടില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ഐ. ടി. സി. കൾക്കാണ് ഇപ്രകാരം എൻ.സി.വി.റ്റിയുടെ അംഗീകാരം ലഭ്യമാക്കാത്തതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എൻ.സി.വി.റ്റിയുടെ അംഗീകാരം ലഭ്യമാക്കാത്ത ഐ.റ്റി.സികൾക്ക് അർഹമായ അംഗീകാരം നേടിയെടുക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ ഐ.റ്റി.സി.കളിൽ വേണ്ടത്ര യോഗ്യത നേടിയ അദ്ധ്യാപകർ ഇല്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ എന്ന് വ്യക്തമാക്കുമോ ;

(എഫ്) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ ഐ.റ്റി.സി.കൾക്ക് സ്വന്തമായി കെട്ടിടം ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ജി) ഐ.ടി.സി.കളിൽ നിന്ന് പഠിച്ചിറങ്ങുന്ന അപ്രന്റീസ്കൾക്ക് ജോലി നൽകുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 9 ഐ.റ്റി.സികൾക്ക് എൻ.സി.വി.റ്റി. അംഗീകാരം ലഭ്യമായിട്ടുണ്ട്. 6 ഐ.റ്റി.സി.കൾക്ക് ഉടനെ അംഗീകാരം ലഭിക്കുന്നതാണ്. എൻ.സി.വി.റ്റി.യുടെ മാനദണ്ഡങ്ങൾ അനുസരിച്ച് നിശ്ചിത വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെയും യന്ത്രസാമഗ്രികളുടേയും പഠനോപകരണങ്ങളുടെയും കുറവായിരുന്നു സ്ഥിരം അഫിലിയേഷൻ ലഭിക്കുന്നതിന് ന്യൂനതകളായി ചൂണ്ടിക്കാണിക്കപ്പെട്ടത്. ഈ ന്യൂനതകൾ പരിഹരിക്കുന്നതിനായി 31 ഐ.റ്റി.സികളിൽ പൊതുമരാമത്ത് വകുപ്പ് മുഖേന എൻ.സി.വി.റ്റിയുടെ മാനദണ്ഡമനുസരിച്ച് 2 കോടിയോളം രൂപ ചെലവാക്കി സ്ഥലസൗകര്യം ലഭ്യമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിൽ 5 ഐ.റ്റി.സികളിൽ ഒഴികെ ബാക്കി പണികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. പുതുക്കിയ എൻ.സി.വി.റ്റി. സിലബസ് അനുസരിച്ച് വേണ്ട എല്ലാ യന്ത്രസാമഗ്രികൾക്കും പഠനോപകരണങ്ങൾക്കും സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഇതിനായി 80 ലക്ഷത്തോളം രൂപ ഈ കാലയളവിൽ ചെലവഴിച്ചു.

(സി) പല ഐ.റ്റി.സികളിലും അത്യാവശ്യം വേണ്ട സൗകര്യങ്ങൾ ഉണ്ടെങ്കിലും എൻ.സി.വി.റ്റി അടുത്തകാലത്ത് സിലബസ് പുതുക്കുകയും അതിനനുസൃതമായി പുതിയ പല യന്ത്രോപകരണങ്ങളും വേണമെന്ന് നിഷ്കർഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് സ്ഥിര അംഗീകാരം ഐ.റ്റി.സി.കൾക്ക് ലഭിക്കാത്തത്. സ്ഥിര അംഗീകാരം ലഭിക്കാത്ത ഐ.റ്റി.സികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ഡി) ഉണ്ട്. 31 ഐ.ടി.സി.കളിൽ പൊതുമരാമത്ത് വകുപ്പ് മുഖേന എൻ.സി.വി.റ്റിയുടെ മാനദണ്ഡമനുസരിച്ച് 2 കോടിയോളം രൂപ ചെലവഴിച്ച് സ്ഥലസൗകര്യം ലഭ്യമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിൽ 5 ഐ.റ്റി.സി.കളിൽ ഒഴികെ ബാക്കി പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. എൻ.സി.വി.റ്റി. സിലബസനുസരിച്ച് ആവശ്യമായ എല്ലാ യന്ത്രസാമഗ്രികളും പഠനോപകരണങ്ങളും വാങ്ങുകയോ സപ്ലൈ ഓർഡർ നൽകുകയോ ചെയ്തിട്ടുണ്ട്. സ്ഥിര നിയമനം നടത്തുന്നതിന് ഐ.റ്റി.സി.കളിൽ ഒഴിവുള്ള തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) വകുപ്പിന്റെ കീഴിൽ ഉള്ള ഐ.റ്റി.സികളിൽ ഒഴിവുള്ള എല്ലാ വേക്കൻസികളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ താൽക്കാലികമായി നിയമിക്കപ്പെട്ടവർ എൻ.സി.വി.റ്റി. നിഷ്കർഷിക്കുന്നതോ അതിലധികമോ യോഗ്യതയുള്ളവരാണ്.

(എഫ്) വകുപ്പിന്റെ കീഴിലുള്ള 41 ഐ.റ്റി.സികളിൽ 39 ഐ.റ്റി.സികൾക്കും ഇപ്പോൾ സ്വന്തമായി കെട്ടിടമുണ്ട്. പാലക്കാട് ജില്ലയിലെ ചിറ്റൂർ ഐ.റ്റി.സിക്ക് ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഐ.റ്റി.സിക്ക് മാത്രമാണ് ഇപ്പോൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാൻ കഴിയാത്തത്. എന്നാൽ ചിറ്റൂർ ഐ.റ്റി.സിക്ക് വേണ്ടി ഒരു കെട്ടിടം കെ.എഫ്.സിയിൽ നിന്ന് വാങ്ങിയിട്ടുണ്ട്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അതിലേക്ക് ഐ.റ്റി.സിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹരിപ്പാട് ഐ.റ്റി.സിക്ക് വേണ്ടി വ്യവസായ വകുപ്പിൽ നിന്ന് എം.ആർ.എസ്സിനുവേണ്ടി കൈമാറി കിട്ടുന്ന സ്ഥലത്ത് സൗകര്യപ്രദമായി പുതിയ കെട്ടിടം നിർമ്മിക്കാനും പരിപാടിയുണ്ട്.

(ജി) അഖിലേന്ത്യാ മത്സരപരീക്ഷ വിജയിച്ച പട്ടികജാതി വിദ്യാർത്ഥികളിൽ വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.സി.യിൽ നിന്നും വിജയിച്ചവർക്ക് മുൻഗണന നൽകിക്കൊണ്ട് എംപ്ലോയ്മെന്റ്-കം-ട്രെയിനിംഗ് സ്കീം, അഡീഷണൽ അപ്രന്റീസ്ഷിപ്പ് സ്കീം എന്നീ രണ്ട് ട്രെയിനിംഗ് സ്കീം നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ പ്രകാരം പഠിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിന് നൈപുണ്യം നേടുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുവാൻ ഇവരെ പ്രാപ്തരാക്കുന്നതിനും സഹായിക്കുന്നു. ഈ പദ്ധതികളനുസരിച്ച് യഥാക്രമം പ്രതിമാസം 900 രൂപയും 1200 രൂപയും ഒരു വർഷക്കാലയളവിലേയ്ക്ക് സ്റ്റൈപന്റായി നൽകിവരുന്നു. ഇതിനുപുറമേ സർക്കാർ നടപ്പിലാക്കിവരുന്ന കുടിൽ വ്യവസായ ശൃംഖലാപദ്ധതി പ്രകാരം സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായവും ലഭിക്കുന്നു. കൂടാതെ സമൃദ്ധി കേന്ദ്രങ്ങളിൽ അംഗങ്ങളാകാനും ഇവർക്ക് മുൻഗണന ലഭിക്കും.

വിദ്യുച്ഛക്തി ചാർജ് വർദ്ധന

11 (*41) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള വിദ്യുച്ഛക്തി ചാർജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള വൈദ്യുതി ചാർജ്ജും ഉല്പാദനചെലവും താരതമ്യം ചെയ്ത് വിശദവിവരം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) 1999-2000-ലെ താല്കാലിക കണക്കുകൾ പ്രകാരം ഒരു യൂണിറ്റ് വൈദ്യുതിയുടെ ശരാശരി വില്പന വില 155.78 പൈസയും ശരാശരി ഉല്പാദന ചെലവ് 220 പൈസയും ആണ്.

ശിരുവാണി ഡാമിലെ ജലവിഭജനം

12 (*42) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിരുവാണി ഡാമിലെ ജലവിഭജനം അളന്ന് തിട്ടപ്പെടുത്തുന്നതിന് തമിഴ്നാടിന്റെ ചെലവിൽ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന വ്യവസ്ഥ പാലിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[20-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 10(*40)-ന്റെ 'സി' ഉത്തരം ദയവായി കാണുക]

സ്ഥിരം അംഗീകാരം ലഭിക്കാത്ത ഐ.റ്റി.സികൾ

1. കാഞ്ഞിരാകുളം
2. മരിയാപുരം
3. കടകംപള്ളി
4. അഞ്ചാമട
5. ശിങ്കാരത്തോപ്പ്
6. ആറ്റിപ്ര
7. പേരുമല
8. പന്തളം
9. ഐക്കാട്
10. മാവേലിക്കര
11. ഹരിപ്പാട്
12. നെടുംകാവ് വയൽ
13. എസ്.പി. കോളനി
14. മാടപ്പള്ളി
15. മധുരവേലി
16. ഇടപ്പള്ളി
17. മറയന്നൂർ
18. എങ്കക്കാട്
19. പുല്ലൂറ്റ്
20. ഇടത്തുരുത്തി
21. വി. ആർ. പുരം
22. ഹെർബർട്ട് നഗർ
23. എരുമപ്പെട്ടി
24. മംഗലം

LIBRARY ARCHIVES Kerala Legislative Assembly

25. ചിറ്റൂർ
26. കേരളാധീശ്വരപുരം
27. പാതായ്ക്കര
28. പൊന്നാനി
29. പാണ്ടിക്കാട്
30. ഏലത്തൂർ
31. ചെറുവത്തൂർ
32. നീലേശ്വരം

അനുബന്ധം IV

[20-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 13(*43)-ന്റെ 'എ'&'ബി' ഉത്തരം ദയവായി കാണുക]

മുല്ലപ്പെരിയാറിലെ ജലനിരപ്പുയർത്തുന്നതിനെതിരെ സ്വീകരിച്ച നടപടികൾ :-

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തിയാലുണ്ടാകാവുന്ന ഭീഷണാവസ്ഥ കണക്കിലെടുത്ത് 1998-ൽ ഏപ്രിൽ 3-ാം തീയതി ഇതിനെതിരെ ഐകകണ്ഠേന ഒരു പ്രമേയം കേരള നിയമസഭ പാസ്സാക്കുകയും കേന്ദ്ര സർക്കാരിന് അയയ്ക്കുകയും ചെയ്തിരുന്നു. കേരളത്തിലും തമിഴ്നാട്ടിലും ഹൈക്കോടതികളിൽ നിലവിലുള്ള മുല്ലപ്പെരിയാർ സംബന്ധിച്ച് കേസുകൾ സുപ്രീം കോടതിയിലേക്ക് മാറ്റണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാടും ഡോ. സുബ്രഹ്മണ്യസ്വാമിയും സമർപ്പിച്ച ട്രാൻസ്ഫർ പെറ്റീഷൻ വേണ്ടവിധം കൈകാര്യം ചെയ്യാൻ സീനിയർ അഭിഭാഷകരായ ശ്രീ. അശോക് ദേശായി ഡോ. രാജീവ്ധവാൻ, ശ്രീ. അന്ത്യാർജ്ജുന എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഡ്വ. ജനറലും ഇതിന് ഹാജരാകുന്നു. കേന്ദ്രം നിയോഗിച്ച സാങ്കേതിക കമ്മിറ്റിയിൽ കേരളത്തിന്റെ പ്രതിനിധിയായി ശ്രീ.എം. കെ. പരമേശ്വരൻ നായരെ നോമിനേറ്റ് ചെയ്തിരുന്നു. കേരളത്തിന്റെ നിലപാട് ശക്തിയുക്തമായും ശാസ്ത്രീയമായും കേന്ദ്രകമ്മിറ്റി മുമ്പാകെ അവതരിപ്പിക്കാൻ ഇതുമൂലം സാദ്ധ്യമായി.

LIBRARY ARCHIVES Kerala Legislative Assembly